**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- ആരോഗ്യവകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനിൽ എൻ.-ന് മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ)നം. 126/2020/തസ്വഭവ. തീയതി, തിരുവനന്തപുരം, 14.01.2020

---

പരാമർശം :
1. 06.02.2013 തീയതിയിലെ ജി.ഒ(പി)നം.5/2013/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2. 10.07.2014 തീയതിയിലെ ജി.ഒ(പി)നം.20/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
3. 14.11.2014 തീയതിയിലെ ജി.ഒ(പി)നം.38/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
4. ശ്രീ.അനിൽ എൻ സമർപ്പിച്ച 20.02.2019 തീയതിയിലെ അന്തർവകുപ്പ് സ്ഥലം മാറ്റത്തിനുള്ള അപേക്ഷ
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 07.06.2019 തീയതിയിലെ EG3/34225/2019/DHS നമ്പർ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്.
6. 02.12.2019 തീയതിയിലെ 4904/ലെഗ്.സി1/2019/നിയമം നമ്പർ വിജ്ഞാപനം
7. നഗരകാര്യ ഡയറക്ടറുടെ 05.08.2019, 07.01.2019 തിയതികളിലെ ഇ 4- 13418/2019 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ആരോഗ്യവകുപ്പ് കോഴിക്കോട് ജില്ലയിലെ വയലട പി.എച്ച്.സി.-യിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനിൽ എൻ. മുനിസിപ്പൽ കോമൺസർവ്വീസിൽ തിരുവനന്തപുരം ജില്ലയിലേക്ക് അന്തർവകുപ്പ് സ്ഥലംമാറ്റത്തിനായി പരാമർശം 4 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ, ഇക്കാര്യത്തിലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് സഹിതം നഗരകാര്യഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു. കൂടാതെ കോഴിക്കോട് ജില്ല പി.എസ്.സി.യുടെ 31.10.2007 ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥിയായ ശ്രീ.അനിൽ എൻ.-ന് ആരോഗ്യവകുപ്പിലാണ് നിയമനം ലഭിച്ചിട്ടുള്ളത് എന്നും അതേ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് മുൻസിപ്പൽ കോമൺ സർവീസിലേക്കും നിയമനം നൽകിയിട്ടുള്ളത് എന്നും ടി തസ്തികയുടെ മുൻസിപ്പൽ

കോമൺ സർവീസിലെയും ആരോഗ്യവകുപ്പിലെയും ശമ്പളസ്കെയിൽ ഒന്നുതന്നെയായിരുന്നുവെന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺസർവ്വീസിലേക്കോ മുനിസിപ്പൽ കോമൺസർവ്വീസിൽ നിന്ന് സർക്കാർ സർവ്വീസിലേക്കോ നിലവിൽ അന്തർവകുപ്പ് സ്ഥലംമാറ്റം ലഭ്യമല്ല. എന്നാൽ മുനിസിപ്പൽ കോമൺസർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി 06.03.2019 തീയതിയിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസ് നിയമസഭ പാസ്സാക്കിയിട്ടുള്ളതും 02.12.2019 ലെ വിജ്ഞാപനപ്രകാരം ഇക്കാര്യത്തിൽ ആക്ട് നിലവിൽ വന്നിട്ടുള്ളതുമാണ്.

3. മേൽ സാഹചര്യത്തിൽ അന്തർ വകുപ്പ് സ്ഥലമാറ്റനിയമനം സംബന്ധിച്ച പരാമർശം 1,2,3 ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരം ആരോഗ്യവകുപ്പ് കോഴിക്കോട് ജില്ലയിലെ വയലട പി.എച്ച്.സി.-യിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.അനിൽ.എൻ.-ന് മുനിസിപ്പൽകോമൺ സർവ്വീസിൽ തിരുവനന്തപുരം ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**റ്റി.കെ.ജോസ്**

അഡീഷണൽ ചീഫ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.അനിൽ എൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2,
വയലട പി.എച്ച്.സി.,കോഴിക്കോട് (ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ